**<u>വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>**

(ഹാജർ. ഹരിത വി.കുമാർ,ഐ.എ.എസ്)

വിഷയം:- വനിതാ ശിശു വികസന വകുപ്പ് –ജീവനക്കാര്യം-ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) സർക്കാർ ഉത്തരവ് (Ms) 06/2021/സാനീവ തിയതി 15/02/2021
2) വനിത ശിശുവികസന ഡയറക്ടറുടെ 04/09/2021 തിയതിയിലെ WCD/E8/16007/2020 നമ്പർ ഉത്തരവ്

**<u>ഉത്തരവ് നം.DWCD/3431/2023-E7 തീയതി: 21-08-2025</u>**

സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് സാമൂഹ്യനീതി വകുപ്പും വനിതാ ശിശുവികസന വകുപ്പും രൂപീകരിച്ച സാഹചര്യത്തിൽ ഇരു വകുപ്പുകൾക്കും പ്രത്യേകമായി വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നത് വരെ ക്ഷേമ സ്ഥാപന സൂപ്രണ്ട് തസ്തികകളുടെ സ്ഥാനക്കയറ്റ വ്യവസ്ഥകൾ താൽക്കാലികമായി നിർണ്ണയിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം, ക്ഷേമ സ്ഥാപനങ്ങളിലെ സൂപ്രണ്ട് ഗ്രേഡ് III /ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളിലേയ്ക്ക് ഫീഡർ കാറ്റഗറിയിലെ ജീവനക്കാരുടെ സംയുക്ത സീനിയോറിറ്റി ലിസ്റ്റിൽ നിന്നും സ്ഥാനക്കയറ്റം നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

വനിതാ ശിശുവികസന വകുപ്പിൽ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ഒരു ജീവനക്കാരൻ വിരമിച്ചത് മുഖേന ടി തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിലെ സീനിയോറിറ്റി നം.(20) വരെയുള്ള ഉദ്യോഗക്കയറ്റത്തിന് യോഗ്യരായ പുരുഷ ജീവനക്കാർക്കും സീനിയോറിറ്റി നം.(54) വരെയുള്ള വനിതാ ജീവനക്കാർക്കും ക്ഷേമസ്ഥാപനങ്ങളുടെ ഘടനയ്ക്കനുസരിച്ച് (പുരുഷ/വനിതാ താമസക്കാരുടെ സ്ഥാപനങ്ങൾ) ഇതിനോടകം സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.ഈ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുന്ന ശ്രീ മനോജ് കുമാർ പി.ജി-യ്ക്ക് ( സീനിയോറിറ്റി നം.(21) ) ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിന് അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ ഉദ്യോഗക്കയറ്റത്തിന് അർഹനായ മേൽ സൂചിപ്പിച്ചിട്ടുള്ള ജീവനക്കാരന് KS&SSR ചട്ടം 28A(1) പ്രകാരം 39300-83000 രൂപ ശമ്പള സ്കെയിലിൽ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ചുവടെ പേരിന് നേരെ ചേർത്തിട്ടുള്ള ക്ഷേമ സ്ഥാപനത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പേര്,തസ്തിക,ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീ മനോജ് കുമാർ പി.ജി<br>കെയർടേക്കർ(മെയിൽ)<br>ഗവ.ചിൽഡ്രൻസ് ഹോം<br>കോട്ടയം<br>പെൻ നം.453794 | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ<br>ഗവ.ഒബ്സർവേഷൻ ഹോം,ആലപ്പുഴ |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരന് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും നിയമാനുസൃത പ്രവേശനകാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരനെ ബന്ധപ്പെട്ട കാര്യാലയ മേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും, ജീവനക്കാരന്റെ വിടുതൽ / പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

HARITHA V KUMAR IAS
**വനിതാ ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാരന്

പകർപ്പ് :

1) ബന്ധപ്പെട്ട ക്ഷേമസ്ഥാപന സൂപ്രണ്ടുമാർക്ക്
2) സൂപ്രണ്ട്-ഐ.റ്റി സെൽ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3) സ്റ്റോക്ക് ഫയൽ/സ്പെയർ

**ഉത്തരവിൻ പ്രകാരം**

Signed by
Chithra P
**സൂപ്രണ്ട്**
Date: 21-08-2025 15:38:06